(എ) സംസ്ഥാനത്തെ തെങ്ങുകളെ ബാധിച്ച മണ്ഡരി രോഗം തടയുവാൻ നടത്തിയ മരുന്നുതളി മുഖേന ഫലപ്രദമായി കീടനിയന്ത്രണം നടത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മുഴുവൻ തെങ്ങുകൾക്കും മരുന്നു തളി നടത്തുക ഉണ്ടായോ;

(സി) ഇല്ലെങ്കിൽ മരുന്നുതളി പൂർണ്ണമാക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി)&(സി) സംസ്ഥാനത്തെ മുഴുവൻ തെങ്ങുകൾക്കും മരുന്നുതളി നടത്തേണ്ട ആവശ്യമില്ല. കീടബാധ കാണുന്ന തെങ്ങുകളിൽ മാത്രം മരുന്നു തളിച്ചാൽ മതിയാകും. മരുന്നുതളി പൂർത്തിയായിവരുന്നു.

11 (*71) വിൽപ്പന നികുതി ഏകീകരണത്തിലെ അപാകത പരിഹരിക്കാൻ നടപടി

ശ്രീ. പി.സി. ജോർജ് :
ശ്രീ. പി. രാഘവൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ. അനിരുദ്ധൻ :

ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതി ഏകീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വിൽപ്പനനികുതി കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ എന്തൊക്കെ നടപടി എന്നു വെളിപ്പെടുത്തുമോ;

(ബി) ഏകീകൃത വിൽപ്പന നികുതി സംസ്ഥാനത്ത് എന്നു മുതൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

(സി) വിൽപ്പന നികുതി ഏകീകരണത്തെ തുടർന്ന് സംസ്ഥാനത്തെ നികുതി വ്യവസ്ഥയിലുണ്ടായ മാറ്റങ്ങൾ വിശദീകരിക്കുമോ;

(ഡി) ഏകീകൃത വിൽപ്പന നികുതിനിയമം സംസ്ഥാനത്ത് നടപ്പാക്കിയപ്പോൾ ഏതാനും ഉൽപ്പന്നങ്ങളുടെ നികുതിയുടെ തോത് നിലവിലുണ്ടായിരുന്നതിനേക്കാൾ ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) അയൽ സംസ്ഥാനങ്ങളായ ആന്ധ്ര, തമിഴ്നാട് എന്നിവിടങ്ങളിൽ വിൽപ്പന നികുതിയുടെ തോത് ഏതെങ്കിലും ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) നികുതി ഏകീകരണത്തെ തുടർന്ന് സംസ്ഥാനത്തെ ഏതെല്ലാം വസ്തുക്കൾക്ക് നികുതി ഭാഗികമായി കുറയ്ക്കുകയും, ഏതെല്ലാം വസ്തുക്കൾക്ക് നികുതി വേണ്ടെന്ന് വയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഏകീകൃത വിൽപ്പന നികുതി ഏർപ്പെടുത്തിയത് സംസ്ഥാനത്തെ ഏതെല്ലാം വ്യവസായങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈ വ്യവസായങ്ങളെ നിലനിറുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ;

(എച്ച്) ചില വസ്തുക്കൾക്ക് അയൽ സംസ്ഥാനങ്ങളുമായി നികുതി നിരക്കിൽ വ്യത്യാസമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഐ) ഇതുമൂലം സംസ്ഥാനത്തെ മലഞ്ചരക്കു വ്യാപാരമേഖലയിൽ ഉണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(കെ) നികുതിഘടനയിലെ ഈ വ്യത്യാസം പരിഹരിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ;

(എൽ) നികുതി ഏകീകരണം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ എപ്രകാരം പ്രതിഫലിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(എം) സംസ്ഥാനത്തെ നികുതി ഏകീകരണത്തെക്കുറിച്ചുള്ള പരാതികൾ സ്വീകരിക്കാനും അവയ്ക്ക് പരിഹാരം കാണാനും എന്തൊക്കെ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എൻ) ഏകീകൃത വിൽപ്പന നികുതി നിയമം നടപ്പാക്കിയതിലെ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഏകീകൃത തറനിരക്കുകൾ നടപ്പിലാക്കിയപ്പോൾ 110 ഇനം സാധനങ്ങളുടെ നികുതിനിരക്കുകളിൽ കുറവുണ്ടായിട്ടുണ്ട്. ഇതിനു പുറമെ വിൽപ്പന നികുതിയിന്മേലുള്ള സർചാർജ് നിർത്തലാക്കിയതിന്റെ ഭാഗമായി നികുതി വിധേയമായ എല്ലാ സാധനങ്ങളുടെയും വിലയിൽ കുറവു വരുന്നതാണ്.

(ബി) 1.1.2000 മുതൽ

(സി) വിൽപ്പന നികുതി നിയമത്തിലെ ഒന്ന്, മൂന്ന്, നാല്, അഞ്ച് എന്നീ പട്ടികകളിൽ മാറ്റം വന്നിട്ടുണ്ട്. വിവിധ പട്ടികകളിലുള്ള സാധനങ്ങൾക്ക് തറനിരക്ക് നടപ്പാക്കുന്നതിന്റെ ഭാഗമായി വരുത്തിയ മാറ്റങ്ങളെ തുടർന്ന് ചെറിയ തോതിലുള്ള ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. 1.1.2000 മുതൽ വിൽപ്പന നികുതിയിന്മേലുള്ള സർചാർജ് പൂർണ്ണമായും എടുത്തുകളഞ്ഞിട്ടുണ്ട്. 1.1.2000-നുശേഷം പുതുതായി തുടങ്ങുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് വിൽപ്പന നികുതി ഇളവുകൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

(ഡി) ഉണ്ട്. മലഞ്ചരക്കുകളുടെ വിൽപ്പന നികുതി വർദ്ധിച്ചതുമൂലം അത്തരം സാധനങ്ങളുടെ കള്ളക്കടത്ത് വർദ്ധിക്കുമെന്ന് കണ്ടതിനെത്തുടർന്ന് അടയ്ക്ക, ഏലം, കുരുമുളക് എന്നിവയുടെ നികുതി 8% ൽനിന്നും 4% ആയി കുറവു ചെയ്തു. അതിനു പുറമെ കൃഷിപ്പണി ആയുധങ്ങൾ, ബ്രഡ്, ഉപ്പ് എന്നിവയെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കി. എന്നാൽ സൗന്ദര്യ വർദ്ധക വസ്തുക്കൾ, ടോയിലറ്റീസ് തുടങ്ങിയവയുടെ നികുതിനിരക്ക് അൽപ്പം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വിൽപ്പന നികുതി ഏകീകരണത്തിന്റെ ഭാഗമായി നികുതി നിരക്കുകളിൽ വ്യത്യാസം വന്ന വസ്തുക്കളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ജി) ദോഷകരമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്)(ഐ)&(ജെ) ഉണ്ട്. കുരുമുളക്, അടയ്ക്ക, ഏലം എന്നിവയുടെ നികുതി മറ്റു സംസ്ഥാനങ്ങൾക്ക് തുല്യമായി കുറച്ചിട്ടുണ്ട്. കൂടുതലായുള്ള കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

(കെ) പുതിയ നിരക്കുകൾ നടപ്പിലാക്കാത്ത സ്റ്റേറ്റുകളും, കേന്ദ്രഭരണ പ്രദേശങ്ങളും ഇത് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(എൽ) ഇക്കാര്യം വിലയിരുത്തുവാനുള്ള സമയമായിട്ടില്ല.

(എം&എൻ) വിൽപ്പന നികുതി വകുപ്പിലെ മൂന്നു ഉയർന്ന ഉദ്യോഗസ്ഥരുടെ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. പരാതികൾ പ്രസ്തുത സമിതി പരിശോധിച്ച് പരിഹാര നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി കൃഷിപ്പണിയായുധങ്ങൾ, ബ്രഡ്, ഉപ്പ് എന്നിവയുടെ നികുതി പൂർണ്ണമായും എടുത്തു കളഞ്ഞിട്ടുണ്ട്. കുരുമുളക്, ഏലം, അടയ്ക്ക, ന്യൂസ് പ്രിന്റ് എന്നിവയുടെ നികുതി കുറയ്ക്കുകയും ചെയ്തു. കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ചർച്ച ചെയ്ത് ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളുന്നതാണ്.

12 (*72) ചെറുകിട സമ്പാദ്യ പദ്ധതികളുടെ പലിശ നിരക്ക്

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ.. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ചെറുകിട സമ്പാദ്യപദ്ധതികളുടെ പലിശ നിരക്ക് കേന്ദ്ര സർക്കാർ ഈയിടെ കുറച്ചത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഈ നടപടി സംസ്ഥാന പദ്ധതി വിഭവസമാഹരണത്തെ എപ്രകാരം ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ദേശീയ സമ്പാദ്യ സർട്ടിഫിക്കറ്റ്; പോസ്റ്റാഫീസ് നിക്ഷേപം എന്നീ പദ്ധതികൾ വഴി സമാഹരിക്കുന്ന മൊത്തം തുകയുടെ എത്ര ശതമാനം സംസ്ഥാനത്തിന് വായ്പയായി നൽകുന്നതിനാണ് വ്യവസ്ഥ എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത വായ്പാത്തുക തിരിച്ചടയ്ക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly